SUNDAY 15-05-2022 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : Sunilkumar R    Editor : Dr Asha T T



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-15/05/2022.

1. പ്രധാനമന്ത്രി കൃഷിസിഞ്ചായിയോജന പദ്ധതിയിലൂടെ **സൂക്ഷ്മജലസേചന സംവിധാനങ്ങൾ കൃഷിയിടങ്ങളിൽ സബ്സിഡിയോടു** കൂടി സ്ഥാപിക്കുന്നതിന് കൃഷിവകുപ്പ് അപേക്ഷകൾ ക്ഷണിക്കുന്നു. ഡ്രിപ്പ്, സ്പ്രിംഗ്ളർ എന്നീ ആധുനികജലസേചന രീതികളുടെ ഗുണഭോക്താക്കളാകുവാൻ ഈ പദ്ധതിയിലൂടെ കർഷകർക്ക് അവസരംലഭിക്കുന്നു. ചെറുകിട നാമമാത്ര കർഷർക്ക് പദ്ധതിചെലവിന്റെ അനുവദനീയതുകയുടെ 80 ശതമാനവും മറ്റുള്ള കർഷകർക്ക് 70 ശതമാനവും പദ്ധതി നിബന്ധനകളോടെ ധനസഹായമായി ലഭിക്കുന്നു. കൂടുതൽവിവരങ്ങൾക്ക് ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ അടുത്തുള്ള കൃഷിഭവനുമായോ ബന്ധപ്പെടുക.

2. പാൽവില വർദ്ധിപ്പിക്കണമെന്നത് ഉൾപ്പെടെ ആവശ്യപ്പെട്ട് ക്ഷീരകർഷകരുടെ വിവിധ സംഘടനകൾ ഉന്നയിച്ച വിഷയങ്ങൾ പരിശോധിക്കുന്നതിൽ സംസ്ഥാനത്തെ മിൽമ ഫെഡറേഷന്റെയും മേഖല ക്ഷീരോത്പ്പാദക യൂണിയന്റെയും ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥരുടെയും സംയുക്തയോഗം ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണിയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിൽ ചേർന്നു. കർഷകരുടെ ഉൽപ്പാദന ചെലവ് വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ക്ഷീര വ്യവസായം വലിയ നഷ്ടത്തിലേക്ക് പോകാതിരിക്കുവാൻ അനുയോജ്യമായ പരാഹാരമാർഗ്ഗങ്ങൾ യോഗം ചർച്ച ചെയ്തു. കർഷകരുടെ ഉൽപ്പാദനച്ചെലവിൽ ഏറ്റവും കൂടുതൽ വരുന്ന കാലിത്തീറ്റച്ചെലവ് കുറയ്ക്കുന്നതിന് പ്രഥമ പരിഗണന നൽകാൻ യോഗം തീരുമാനിച്ചു. മിൽമയുടെയും കേരളാ ഫീഡ്സിന്റെയും കാലിത്തീറ്റ വില വർദ്ധിപ്പിക്കാതെ കർഷകർക്ക് സഹായം കൊടുക്കണമെന്നും യോഗത്തിൽ തീരുമാനമായി.

3. ചെറ്റച്ചൽ ഫാമിൽ നിന്നും വനരാജ, ഗ്രാമപ്രിയ, ശ്രീനിധി എന്നീ കോഴിക്കുഞ്ഞുങ്ങൾ വിതരണത്തിന് തയ്യാറായിരിക്കുന്നു. പൂവനും പിടയും തരം തിരിക്കാത്ത കുഞ്ഞ് ഒന്നിന് 18 രൂപയാണ് വില. താത്പര്യമുള്ളവർ **9846443968, 8592085878, 9845491459, 9074617392** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും രണ്ട് മാസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങളെ 140 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. ആവശ്യമുള്ളവർ **0479-2959268, 2449268, 9447790268** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേരും ഫോൺ നമ്പരും നൽകി മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

5. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ **ഞങ്ങളും കൃഷിയിലേക്ക്** കേരളത്തിന്റെ കാർഷിക സംസ്കാരം വീണ്ടെടുക്കുന്നതിനും കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിലേക്ക് എത്തിക്കുന്നതിനും വേണ്ടിയുള്ള ഒരു ബൃഹത് പദ്ധതിയാണെന്ന് വനം വന്യജീവി വകുപ്പ് മന്ത്രി എ കെ ശശീന്ദ്രൻ. കോഴിക്കോട് ജില്ലയിലെ നന്മണ്ട പഞ്ചായത്തിലെ ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ പഞ്ചായത്ത് തല ഉദ്ഘാടനവും വിള ആരോഗ്യ കേന്ദ്രം ഉദ്ഘാടനവും നന്മണ്ട എ യു പി സ്കൂളിൽ വെച്ച് നിർവഹിച്ചു കൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി. വിഷലിപ്തമായ അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പച്ചക്കറികളും ഭക്ഷ്യവസ്തുക്കളും മലയാളിയെ ഗുരുതരമായ രോഗങ്ങളിലേക്കാണ് തള്ളിവിടുന്നത്. ഈ പദ്ധതി പ്രകാരം എല്ലാവർക്കും കൃഷിയിലേക്ക് ഇറങ്ങുവാൻ സാധിക്കും. ആരോഗ്യമുള്ള ഒരു ജനതയെ രൂപപ്പെടുത്തിയെടുക്കാൻ ഒരു കാർഷിക വിപ്ലവം തന്നെ സൃഷ്ടിക്കേണ്ടതായുണ്ടെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. കാർഷിക സംസ്കൃതി തിരിച്ചു പിടിക്കാനുള്ള പ്രവർത്തനങ്ങൾ എല്ലാവരുടെയും ഭാഗത്തുനിന്ന് ഉണ്ടാവണമെന്നും മന്ത്രി പറഞ്ഞു. പദ്ധതിയുടെ ഭാഗമായി നന്മണ്ട ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും സർക്കാർ സ്ഥാപനങ്ങളിലും ഇതിനോടകം വിത്തുകൾ വിതരണം ചെയ്തു കഴിഞ്ഞു.

6. തിരുവനന്തപുരം ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം കുടപ്പനക്കുന്നിൽ 2022 ലെ പാൽക്കാർഡ് ലഭിക്കുന്നതിനായി 2021 നവംബർ, ഡിസംബർ മാസങ്ങളിൽ അപേക്ഷ നൽകിയിട്ടും പാൽക്കാർഡ് ലഭിക്കാത്ത ഗുണഭോക്താക്കൾക്കുള്ള പാൽക്കാർഡ് വിതരണം **ഈ മാസം 16 മുതൽ 21 വരെ** (മെയ് 16 മുതൽ 21 വരെ) ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ ഉച്ചയ്ക്ക് 3 മണി വരെ നൽകുന്നു. അപേക്ഷകർ റേഷൻ കാർഡ്, ടോക്കൺ എന്നിവ സഹിതം ഹാജരാകേണ്ടതാണ്. അവധി ദിവസങ്ങളിൽ മാത്രം പാൽ ആവശ്യമുള്ള അപേക്ഷകർക്ക് ഹോളിഡേ കാർഡ് വിതരണവും ഇതേ ദിവസങ്ങളിൽ ഉണ്ടായിരിക്കുന്നതാണ്. പൊതുജനങ്ങൾക്ക് എല്ലാ ദിവസവും രാവിലെ 7.30 മുതൽ 7.45

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വരെയും വൈകുന്നേരം 3.15 മുതൽ 3.30 വരെയും ഫാം മിൽക്ക് ബൂത്തിൽ നിന്നും ഒരു ലിറ്ററിന് 46 രൂപ നിരക്കിൽ പാൽ വാങ്ങുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471–2732962** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

7. കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 14-ാം പഞ്ചവത്സരപദ്ധതി പ്രകാരം നടപ്പിലാക്കുന്ന **ആനന്ദഗ്രാമം പദ്ധതി**യിലേയ്ക്ക് മൃഗസംരക്ഷണ മേഖലയിൽ **പശുവളർത്തൽ, ആടുവളർത്തൽ, കോഴിവളർത്തൽ** എന്നിവ മുഖ്യതൊഴിലായോ, ഉപതൊഴിലായോ നടത്തുവാൻ താൽപര്യമുള്ള വ്യക്തികളിൽ നിന്നും ഗ്രൂപ്പുകളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ **ഈ മാസം 25-ന് (മേയ് 25)** മുമ്പായി കാട്ടാക്കട വെറ്ററിനറി ഹോസ്പിറ്റലിൽ സമർപ്പിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. അപേക്ഷാ ഫോറത്തിനും കൂടുതൽ വിവരങ്ങൾക്കും **9447863474** എന്ന നമ്പരിൽ കാട്ടാക്കട സീനിയർ വെറ്ററിനറി സർജനുമായി ബന്ധപ്പെടുക.

8. മലമ്പുഴ മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വച്ച് **പശുവളർത്തൽ** എന്ന വിഷയത്തിൽ ഈ മാസം 17 ന് (17/05/22ന്) രാവിലെ 10 മണി മുതൽ 4 മണി വരെ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **0491– 2815454, 9188522713** എന്ന ഫോൺ നമ്പറിലേക്ക് വിളിച്ചു മുൻകൂട്ടി രജിസ്റ്റർ ചെയ്യാവുന്നതാണ്. പരിശീലനത്തിന് പങ്കെടുക്കുന്നവർ ആധാർ കാർഡ് കൊണ്ടുവരേണ്ടതാണെന്ന് മലമ്പുഴ മൃഗസംരക്ഷണ പരിശീലന കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ അറിയിക്കുന്നു.

9. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 18-ന് (18/05/22) രാവിലെ 10 മണി മുതൽ **താറാവ് വളർത്തൽ** എന്ന വിഷയത്തിൽ സൗജന്യ പരിശീലന ക്ലാസ്സ് നടത്തുന്നു. താല്പര്യമുള്ളവർ **9188522711** എന്ന വാട്ട്സാപ്പ് നമ്പരിൽ സന്ദേശം അയച്ചോ **0469–2965535** എന്ന ഫോൺ നമ്പരിൽ വിളിച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

10. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന്റെ ശാസ്ത്രീയവിളവെടുപ്പിലുള്ള പരിശീലനം മെയ് 17, 18 തീയതികളിൽ നടത്തുന്നു. **വിളവെടുപ്പ്, വിവിധയിനം ടാപ്പിങ്ങ്കത്തികളുടെ ഉപയോഗം, നൂതന ടാപ്പിങ്ങ്രീതികൾ,**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**യന്ത്രവത്കൃത ടാപ്പിങ്, ഉത്തേജകഔഷധപ്രയോഗം** എന്നിവ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം